# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ്
# (എ.കെ.ജി.സി.ടി)
# സംസ്ഥാന പ്രവർത്തക സമിതി യോഗം SWC 07/2020
# 08.08.2020 ഗൂഗിൾ മീറ്റ്

## മിനിട്സ്

**അജണ്ട**

1. അനുശോചനം
2. ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിങ്
3. ജില്ലാ റിപ്പോർട്ടിങ്
4. വനിതാ സബ്കമ്മിറ്റി
5. സംഘശബ്ദം
6. ദേശിയവിദ്യാഭ്യാസനയം
7. പ്രക്ഷോഭ പരിപാടികൾ
8. മറ്റ് കാര്യങ്ങൾ

**ഹാജർ**

ഡോ. എം. സത്യൻ, ഡോ. എൻ. മനോജ്, ഡോ. ഗീത നമ്പിയാർ എം. കെ., ഡോ. രാജേഷ്കുമാർ പി., ഡോ. ഇമ്പിച്ചിക്കോയ കൗട്യമാക്കനകം, ഡോ. വിനു ഭാസ്ക്കർ, ശ്രീ. സന്തോഷ് ടി. വർഗീസ്, ഡോ. മുഹമ്മദ് റഫീഖ്, ഡോ. ചന്ദ്രമോഹൻ കെ. ടി., ഡോ. പ്രിൻസ് പി. ആർ., ഡോ. സുനിൽ വി. ടി., ഡോ. മാണിക്യരാജ്, ശ്രീമതി സൗമ്യ എസ്, ഡോ. ഷജില ബീവി, ഡോ. സുനിത എ. പി., ഡോ. അലിക്കുട്ടി സി., ഡോ. ഷാനവാസ് പി. എച്ച്, ശ്രീ. ശശി സി. ടി., ഡോ. ബേബി ഷീബ, ശ്രീ. സജിത്ത് കുമാർ പി., ഡോ. പ്രമോദ് സി., ശ്രീ. സോബിൻ വർഗീസ്, ശ്രീ. രഘുദാസ് പി. വി., ഡോ. സഞ്ജയ്കുമാർ എസ്. എച്., ഡോ. ബാലസുബ്രഹ്മണ്യൻ, ഡോ. ജോജോമോൻ എൻ.എ., ഡോ. എം. എസ്. മുരളി, ശ്രീ. രഞ്ജിത് മോഹൻ, ഡോ. അനൂപ് ജെ. ആലക്കപ്പള്ളി, ശ്രീ. സന്തോഷ് കുമാർ എസ്., ഡോ. എ. ബാലകൃഷ്ണൻ, ഡോ. ആനന്ദ് ദിലീപ് രാജ്, ഡോ. ഗ്രേഷ്യസ് ജെ., ഡോ. വിഷ്ണു വി.എസ്., ഡോ. റോസ്നികസ് പി. കെ., ഡോ. സെനോ ജോസ്, ഡോ. സുമിജോയി ഒലിയപ്പുറം, ഡോ. ബി. ഉണ്ണികൃഷ്ണൻ നായർ, ശ്രീ. ജയരാജ് ജെ., ഡോ. റിജുലാൽ ജി., ഡോ. രാജു. എം. സി

രാവിലെ 10 മണിക്ക് ഓൺലൈൻവഴി ചേർന്ന യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ. എം. സത്യൻ അധ്യക്ഷത വഹിച്ചു. സംസ്ഥാന ട്രഷറർ ഡോ. ഗീത നമ്പിയാർ എം. കെ. അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

കർഷക തൊഴിലാളി പ്രസ്ഥാനത്തിന്റെ സമുന്നത നേതാവ് കെ.കുഞ്ഞപ്പ, ബോളിവുഡ് സംവിധായകൻ രജത് മുഖർജി, സ്പാനിഷ് എഴുത്തുകാരൻ ഹുവാൻ മാഴ്സെ, തമിഴ് എഴുത്തുകാരനും, നിരൂപകനായ കോവൈ ജ്ഞാനി, പത്ത് രൂപ ഡോക്ടർ എന്ന് പ്രശസ്തനായ ഡോ. സി. മോഹൻ റെഡ്ഡി, പ്രശസ്ത നർത്തകി അമല ശങ്കർ, ഇരട്ട ഓസ്കർ ജേതാവും ഹോളിവുഡ് അഭിനേത്രിയുമായ ഒലീവിയ ദ ഹാവില്ലൻഡ്, സിനിമ നടൻ അനിൽ മുരളി, നാടൻ പാട്ട് കലാകാരൻ ജിതേഷ് കക്കിടിപ്പുറം, സമാജ് വാദി പാർട്ടി നേതാവ് അമർ സിംഗ്, കോവിഡ് ബാധിച്ച് മരണമടഞ്ഞ ഉത്തർപ്രദേശ് സാങ്കേതിക വിദ്യാഭ്യാസ മന്ത്രി കമൽ റാണി വരുൺ,

നാടകാചാര്യൻ ഇബ്രാഹിം അൽകാസി, അഷ്ടവൈദ്യൻ പദ്മഭൂഷൺ ഇ.ടി. നാരായണൻ മൂസ്, മുതിർന്ന സി.പി.എം നേതാവ് ശ്യാമൾ ചക്രവർത്തി, മൂന്നാർ പെട്ടിമുടി ഉരുൾപൊട്ടലിൽ മരണപ്പെട്ടവർ, കരിപ്പൂർ വിമാനാപകടത്തിൽ മരണമടഞ്ഞവർ, ബെയ്റൂട് സ്ഫോടനത്തിൽ കൊല്ലപ്പെട്ടവർ തുടങ്ങിയവരുടെ നിര്യാണത്തിൽ കമ്മറ്റി അനുശോചനം രേഖപ്പെടുത്തുന്നു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

പ്രിൻസിപ്പൽ നിയമനം സംബന്ധിച്ചു സംഘടന മുന്നോട്ടു വച്ച നിലപാട് സീനിയോറിറ്റി അനുസരിച്ചു നിയമനം നടത്തണമെന്നതാണ്. ഗുണപരമായ മാറ്റം ഈ വിഷയത്തിൽ വരുന്നതായി കാണുന്നുണ്ട്. ഇപ്പോൾ ജനറൽ സീനിയോറിറ്റി ലിസ്റ്റിൽ 162 വരെയുള്ള അദ്ധ്യാപകരുടെ സി.ആർ. കോളേജ് വിദ്യാഭ്യാസ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. സ്പെഷ്യൽ ഗ്രേഡ് പ്രിൻസിപ്പൽ, എ.ഡി.സി., ഡി.ഡി. നിയമനത്തിന്റെ ഫയലും ഉന്നതവിദ്യാഭ്യാസവകുപ്പിൽ ഉണ്ട്. ഈ നിയമനങ്ങൾ എത്രയും വേഗം നടത്തണമെന്ന് സംഘടന മുഖ്യമന്ത്രി, ഉന്നതവിദ്യാഭ്യാസവകുപ്പു മന്ത്രി എന്നിവർക്ക് കത്ത് നൽകിയിട്ടുണ്ട്.

നമ്മുടെ സംഘടനാ പ്രവർത്തനത്തിന്റെ ഭാഗമായുള്ള യൂണിറ്റ് വിസിറ്റ് എത്രയും പെട്ടന്ന് നടത്തേണ്ടതുണ്ട്. എല്ലാ ജില്ലാ സെക്രട്ടറിമാർക്കും മെമ്പർഷിപ് രസീത് ബുക്കുകൾ ലഭിച്ചതായാണ് അറിയുന്നത്. എത്രയും വേഗം യൂണിറ്റ് വിസിറ്റുകൾ പൂർത്തീകരിക്കണം. കോവിഡാനന്തര വിദ്യാഭ്യാസ നയരേഖ തയ്യാറാക്കാൻ ACSRനെ ചുമതലപ്പെടുത്തുകയും സമയബന്ധിതമായി പൂർത്തീകരിക്കപെട്ടിട്ടും ഉണ്ട്. എത്രയും വേഗം തന്നെ അത് സർക്കാരിന് സമർപ്പിക്കുന്നതാണ്. സംഘശബ്ദം സംസ്ഥാന സമ്മേളനത്തിന് ശേഷം ഇറങ്ങിയിട്ടില്ല. അത് ഇറക്കുന്നതുമായി ബന്ധപ്പെട്ട് 22-07-2020നു എഡിറ്റോറിയൽ ബോർഡ് യോഗം ചേർന്നിരുന്നു. ഉടൻ തന്നെ സംഘശബ്ദം ഇറക്കാനുള്ള പ്രവർത്തനം നടന്നു വരുന്നു. ഈ വർഷത്തെ വനിതാ സബ്കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ തീരുമാനിക്കുന്നതിന് വേണ്ടി 25-07-2020നു ഗൂഗിൾ മീറ്റ് വഴി വനിതാ സബ്കമ്മിറ്റിയുടെ സംസ്ഥാനതലയോഗവും ചേർന്നിരുന്നു. സംഘടനയുടെ വെബ്സൈറ്റ് എത്രയും വേഗം അപ്ഡേറ്റ് ചെയ്യേണ്ടതുണ്ട്. വർഷങ്ങളായി സംഘടന മുന്നോട്ടു വയ്ക്കുന്ന മ്യൂസിക് കോളേജ് അദ്ധ്യാപകരുടെ യു.ജി.സി., മ്യൂസിക് കോളേജ് മേഖലയിലെ വിവിധ പ്രശ്നങ്ങൾ എന്നിവ നാളിതുവരെ പൂർണമായും പരിഹരിക്കപ്പെട്ടിട്ടില്ല. ഇതുമായി ബന്ധപെട്ടു 24-07-2020നു തൃപ്പൂണിത്തറ ആർ.എൽ.വി. കോളേജിലെ അംഗങ്ങളുടെ ഒരു യോഗം ചേരുകയുണ്ടായി. ഇതിൽ സംസ്ഥാന ജനറൽ സെക്രട്ടറി, എറണാകുളം ജില്ലാ സെക്രട്ടറി എന്നിവർ പങ്കെടുത്തു. കോവിഡിന്റെ നിലവിലെ സാഹചര്യം മാറുമ്പോൾ എത്രയും വേഗം തന്നെ ഈ വിഷയത്തിൽ ക്രിയാത്മകമായി ഇടപെട്ട് ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കും.

കോവിഡ് ദുരിതം പേറുന്നവർക്കു വിവിധ ജില്ലകൾ പ്രാദേശികമായി സഹായം ചെയ്യുന്നുണ്ട്. തീരദേശത്തെ കോവിഡ് ദുരിതബാധിതരെ സഹായിക്കുന്നതിനായി തിരുവനന്തപുരം ജില്ല Rs.2,07,250/- സമാഹരിച്ചു തിരുവനന്തപുരം കോർപറേഷൻ മേയർക്ക് കൈമാറി. കൊല്ലം ജില്ല Rs.40,000/- മത്സ്യത്തൊഴിലാളിയൂണിയന് നൽകി. ഇതിനു പുറമെ അഞ്ഞൂറ് രൂപയുടെ അമ്പതു കിറ്റുകൾ അമ്പലപ്പുഴ കോളേജിൽ വച്ച് ആരിഫ് എം.പി.ക്കു കൈമാറി. മറ്റു ജില്ലകളിലും ഇത്തരം പ്രവർത്തനങ്ങൾ നടത്തി വരുന്നു.

രാജ്യത്തെ സ്കൂൾ വിദ്യാഭ്യാസമേഖല മുതൽ ഉന്നതവിദ്യാഭ്യാസമേഖല വരെ പൂർണമായും കോർപ്പറേറ്റ് വത്കരിക്കുകയും ആർ.എസ്.എസ്സിന്റെ വർഗീയ

അജണ്ടകൾ നടപ്പാക്കാനും ലക്ഷ്യംവച്ചുള്ള പുതിയ ദേശീയവിദ്യാഭ്യാസനയം 2020 ജൂലായ് 29നു രാജ്യത്തെ എല്ലാ ജനാധിപത്യസംവിധാനങ്ങളെയും നിഷ്പ്രഭമാക്കികൊണ്ടു പാർലമെന്റിൽ പോലും ചർച്ച ചെയ്യാതെ കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകിയിരിക്കുകയാണ്. ഇതിനെതിരെ സംസ്ഥാനത്തും രാജ്യത്താകമാനവും ശക്തമായ പ്രതിഷേധം ഉയർന്നു വരേണ്ടതുണ്ട്. ഇതുമായി ബന്ധപെട്ടു സംഘടന പ്രതിഷേധക്കുറിപ്പു നൽകുകയും ഇതിലെ അപകടങ്ങൾ വ്യക്തമാക്കുന്ന കുറിപ്പ് പുറത്തിറക്കുകയുമുണ്ടായി. മാത്രവുമല്ല വിദ്യാഭ്യാസ മേഖലയിലെ വിവിധ സംഘടനകളുടെ യോഗം 05-08-2020നു ചേരുകയും അതിൽ ഈ മാസം അതാതു സംഘടനകൾ അവരുടേതായ രീതിയിൽ പ്രക്ഷോഭം നടത്തുകയും അതിനു ശേഷം സെപ്റ്റംബർ മാസത്തിൽ ഉന്നത വിദ്യാഭ്യസമേഖലയിലെ അദ്ധ്യാപക-വിദ്യാർത്ഥി സംഘടനകൾ സംയുക്തമായി പ്രക്ഷോഭവും പ്രചാരണ പരിപാടികളും നടത്തണമെന്ന് തീരുമാനിച്ചു. ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിനെ തുടർന്ന് ജില്ലാ റിപ്പോർട്ടിങ് നടന്നു. ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിന്മേലും, ജില്ലാ റിപ്പോർട്ടിന്മേലും വിശദമായ ചർച്ചകൾ നടന്നു. അതിനു ശേഷം താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

**തീരുമാനങ്ങൾ**

1. യൂണിറ്റ് വിസിറ്റ് എത്രയും വേഗം സമയബന്ധിതമായി ഈ മാസം തന്നെ തീർക്കണം. അതിനു വേണ്ട ഇടപെടലുകൾ നടത്തണം.
2. സംഘടനയുടെ വെബ്സൈറ്റ് അപ്ഡേറ്റ് ചെയ്യാൻ ഡോ. പ്രിൻസ് പി. ആർ നെയും, ഡോ. സി.അലികുട്ടിയെയും ചുമതലപ്പെടുത്തി.
3. വനിതാസബ്കമ്മിറ്റിയുടെ ഈ വർഷത്തെ പ്രവർത്തനങ്ങൾക്കു സംസ്ഥാന പ്രവർത്തക സമിതി അംഗീകാരം നൽകി
4. സംഘശബ്ദം എത്രയും വേഗം പുറത്തിറക്കാൻ തീരുമാനിച്ചു.
5. ദേശീയവിദ്യാഭ്യാസനയത്തിനെതിരായുള്ള സംസ്ഥാനതല പ്രക്ഷോഭ പരിപാടികൾ തീരുമാനിക്കുന്നതിനും, മുന്നോട്ടു കൊണ്ട് പോകുന്നതിനുമായി ജനറൽ സെക്രട്ടറി, പ്രസിഡന്റ്, ട്രഷറർ, ഡോ. കെ. കെ. ദാമോദരൻ, രണ്ടു വൈസ് പ്രസിഡന്റുമാർ, അക്കാഡമിക് കമ്മിറ്റി കൺവീനർ എന്നിവരെ ഉൾപ്പെടുത്തി ഒരു ഏഴ് അംഗ സമിതി രൂപീകരിച്ചു.
6. ദേശീയവിദ്യാഭ്യാസനയത്തിനെതിരായുള്ള പ്രചാരണങ്ങൾ നടത്തുന്നതിന് ഒരു മീഡിയ കമ്മിറ്റിക്കു രൂപം നൽകി. ഡോ. വിനു ഭാസ്കർ ആയിരിക്കും കമ്മിറ്റി കൺവീനർ. കമ്മിറ്റിയിൽ സജിത്ത് കുമാർ പി., ഡോ. പ്രിൻസ് പി. ആർ, ഡോ. ഷാനവാസ് പി. എച്ച്., ഡോ. സി. അലിക്കുട്ടി, സന്തോഷ് ടി. വർഗീസ്, ഡോ. ഷജില ബീവി, സൗമ്യ എസ്, ഡോ. ആനന്ദ് ദിലീപ് രാജ്, ശ്രീ. സോബിൻ വർഗീസ് അംഗങ്ങളായിരിക്കും.
7. സംസ്ഥാനത്തെ കോളേജുകളിൽ ആവശ്യം വേണ്ടുന്ന ഗസ്റ്റ് ലക്ചറർമാരെ നിയമിക്കാൻ ഇടപെടൽ നടത്തും.
8. മ്യൂസിക് കോളേജിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ട നടപടികൾ അടിയന്തിരമായി ചെയ്യാൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് 1.30നു അവസാനിച്ചു

അഭിവാദ്യങ്ങളോടെ

ഡോ. എൻ. മനോജ്
ജനറൽ സെക്രട്ടറി

08.08.2020